# വീരവാദം

വ്യാജമി,ല്ലെന്നും നീട്ടിക്കാട്ടില്ല ഞാനെൻഭിക്ഷാ–
ഭാജനം നിൻനേർക്കാത്മാവുൾക്കൂടുവിടുവോളം.

ക്ഷുദ്രതേ,സമുദായനീതിതൻ കുപ്പായത്തിൽ
ഭദ്രമായ് നിവസിയ്ക്കും കാപട്യപാരമ്യമേ,

നീയെന്നെച്ചതച്ചരച്ചീടുവാൻ വെമ്പിക്കോളൂ
സ്വീയമാം നൈഷ്ഠൂര്യത്താൽ പ്രതികാരാന്ധ്യത്താലും;

വിജിഗീഷുവായ്ശ്ശീർഷംപൊക്കി നിന്നിടുമെന്നും
ഗജതുല്യമെന്നന്തർനിഷ്ഠതൻ സഹിഷ്ണുത.

ഒന്നനങ്ങിയാൽക്കാലിൽക്കുടുങ്ങുംമാറത്രയ്ക്കാം
നിന്നതിർവലയത്തിൻ സങ്കുചിതത്വം നീക്കാൻ

സഹതാപത്തിന്നൊന്നു നിശ്വസിയ്ക്കുവാനതിൽ
സ്ഥലമുണ്ടാക്കാനല്ലോ നീറുന്നതെൻചേതന!

എൻ ചിതാഭസ്മത്തിലും സൂക്ഷ്മവീക്ഷണംചെയ്താൽ,
വഞ്ചകി, കാണാമേതോ സഹതാപത്തിൻ ദാർഢ്യം.

# കശാപ്പിന്റെ നേരെ!

*വാർദ്ധക്യം:*

നിറംമങ്ങീകൺക,ളൊടിഞ്ഞിതെല്ലുകൾ,
പുരണ്ടു മൂർദ്ധ്നി ദുർന്നിമിത്തമേ! ചാരം.

ഇവണ്ണമെൻമേനിപ്പുളപ്പു നാൾക്കുനാ–
ളിടിഞ്ഞിടിഞ്ഞു വീണൊടുങ്ങിപ്പോകവേ

പകരമിങ്ങോട്ടു ലഭിയ്ക്കയും ചെയ്വൂ
വിഷയവാഞ്ഛയും ധനലാഭേച്ഛയും.

ഒരൊറ്റത്തുട്ടുകാശൊരൊറ്റപ്പെൺകൊടി
യൊരിയ്ക്കലുമെന്നിലലിവു കാട്ടീല.

അവറ്റതൻപിട്ടിലകപ്പെടുകയാ–
ലുറക്കവുമെന്നെ വെടിഞ്ഞു നിർദ്ദയം.

ഇതിൻ പ്രതിവിധി പറഞ്ഞുതന്നാലും
മദാത്മബന്ധുവാം മുരത്ത മാമൂലേ!

***മാമൂൽ:***

അറിയാമെനിയ്ക്കു നിൻ പരിതാപഹേതുവും

പരിഹാരമാർഗ്ഗവും രണ്ടും.

മമ രൂഢമൂലമാമധികാരസീമയിൽ
ക്കവിയുന്നതെന്തുണ്ടു ധീമൻ?

ഹതധൈര്യമിങ്ങിനേ വിറപൂണ്ടു നില്ക്കാതെ
സുതരാം സുവിശ്രമംകൊള്ളൂ.

വിരളമല്ലത്രയ്ക്കു, മൃദുമന്ദഹാസമോ
സുരുചിരകാഞ്ചനശ്രീയോ.

ചെറുതൊന്നനങ്ങിയാൽ മതിയെന്റെ ചൂണ്ടാണി–
വിര,ലുടനെത്തുകയായി

ഉമിനീരുറത്തിടുമിളമാൻമിഴികൾ, കൺ–
ചിതറിയ്ക്കം പൊൻനാണയങ്ങൾ.

അവിടേയ്ക്കുവേണ്ടി ഞാൻ മരണംവരിയ്ക്കായ്കി–
ലതു മഹാസാഹസമല്ലേ?

അവനിയനുദിനമുരുവിടും സ്നേഹത്തി–
നഥവാ പുതുക്കണമർത്ഥം.

***പിതൃത്വം:***
അസ്തമിയ്ക്കുവാൻ പോകും വാർദ്ധക്യം തലചുറ്റി–
ശ്ശുദ്ധമേ പിച്ചും പേയും പുലമ്പി നടക്കുമ്പോൾ

അതിനുമർത്ഥം തേടിപ്പിടിയ്ക്കാൻ മിനക്കെടു–
മവിടുത്തേയ്ക്കും കേറീ കിറുക്കെന്നൂഹിപ്പൂ ഞാൻ.

എന്നാശാസർവ്വസ്വമാമോമനയുവത്വത്തെ
നിന്നഭീപ്സിതത്തിന്നു ബലിയർപ്പിയ്ക്കില്ലാ ഞാൻ

വേദനിയ്ക്കില്ലേ മമ ഹൃൽക്കുരു,ന്നെന്നോമന
കൈയിലും കഴുത്തിലുമൊന്നുമില്ലാതെത്തുമ്പോൾ?

വയ്യല്ലോ വരാവുന്നതൊക്കെ വന്നാലും മേന്മേ,
ലിയ്യുള്ളോനരുമയാം കുഞ്ഞിനെ സ്നേഹിയ്ക്കാതെ.

*മാമൂൽ:*
അധികാരമുണ്ടെനിയ്ക്കധികാരമോർത്തുകൊൾ–
കധികപ്രസംഗമൊതുക്കാൻ.

ഹിതമെന്തെനിനയ്ക്കിതി,ലതറിഞ്ഞു മാത്രമേ
വിധിയെഴുതാവൂ പിതൃത്വം.

അഥവാ നിലയ്ക്കണമിതുവരെ നാം തമ്മി–
ലിയലുമടുപ്പമശേഷം.

*പിതൃത്വം:*
എന്നഴലറിയിച്ചു ഞാനങ്ങോ,ട്ടെന്നിൽത്തെല്ലു–
മെന്നാലുമലിയായ്കിലെന്തയ്യോ കരണീയം!

ബന്ധുക്കൾകഭിമതമെതിരായ്പ്പോയാൽപ്പിന്നെ–
യെന്താപത്തിന്നും തല കാട്ടുകെന്നല്ലേ വരൂ!

ഏകിയേ വിടൂവെങ്കിൽ, വാർദ്ധക്യത്തിനു ഞാനെ–

ന്നോമനക്കുരുന്നിനെ യേകുകതന്നേ ചെയ്യാം.

*കന്യകാത്മം:*
പേടിയാവുന്നു പേടിയാവുന്നു മേ
ചേടിമാരൊക്കെയെങ്ങുപോയെങ്ങുപോയ്!

ഹാ,വികൃതച്ചിരിയും ചിരിച്ചുകൊ–
ണ്ടീ വരുമസ്ഥിപഞ്ജരം കാൺകവേ

നില്പുറപ്പില്ല കാൽകൾ,ക്കിടറുന്നൂ
നിച്ചിലുമെൻ ഗളവും സഖികളേ!

ഒന്നെതിരിട്ടുനോക്കാനുമാവതി–
ല്ലിന്നെനി,യ്ക്കാമമുണ്ടെന്റെ കൈകളിൽ.

ഓടിവന്നു തുണയ്ക്കൂ വിവേകമേ,
പേടിയാവുന്നു പേടിയാവുന്നു മേ.

*വിവേകം:*
തന്നെത്താനൊന്നു കുതറൂ, തകർ–
ന്നൊന്നായ്പ്പതിയ്ക്കും കൈയാമം.

പേടിയ്ക്കരു,തതേ വേണ്ടൂ, അസ്ഥി–
ക്കൂടമശക്തമെൻ തോഴി!

ചൊല്ലു നീ'തൊട്ടുപോകൊല്ലെ'ന്നൊച്ച
തെല്ലുമിടറാതൊരിയ്ക്കൽ.

# ഭക്തൻ

**അ**ക്ഷമനായിക്കാത്തുകാത്തിരിപ്പൂ ഞാൻ, ''വരു–
മിക്ഷണം ഭവാൻ ഭവാനിക്ഷണം വരു'' മെന്നായ്.

ഒരു കൊച്ചുപൂ ഞെട്ടിക്കൺമിഴിക്കുമ്പോൾ,ച്ചല–
ന്മരുദാശ്ലിഷ്ടമൊരുപച്ചില ചിരിയ്ക്കുമ്പോൾ,

ഉന്നതോദ്വേഗാലോളംതുള്ളുകയായെന്നുള്ളിൽ
വന്നുകേറുകയായി കോൾമയിരംഗംതോറും

മറക്കാനാമോ മാത്രയ്ക്കാ മിന്നും തൃക്കൺകളും
മുധുരസ്മിതം തൂകുമമ്മലർച്ചൊടികളും?

ഹാ വരായ്‌വാനെന്തു നീയെന്നിട്ടും, പൂജാപുഷ്പം
പാവനാത്മാവേ, വാടിത്തുടങ്ങീ നിരാശയാൽ.

നിന്നിൽ നിഷ്ഠമാമെന്റെ ഹൃദ്ഗതങ്ങൾതൻ കൂമ്പിൽ
മിന്നുന്നൂ പുലർക്കതിർചിന്നുന്ന മഞ്ഞിൻതുള്ളി.

വരില്ലേ, വരില്ലേ നീ;യസ്പഷ്ടമെന്തീ മന്ത്രം?
''തിരഞ്ഞുപിടിക്കണമെന്നെ നീ നിന്നിൽത്തന്നെ.''

# പറങ്ങോടൻ

മനയ്ക്കൽപ്പാർക്കാനച്ഛൻതമ്പുരാൻകല്പിച്ചപ്പോൾ
മനസ്സിൽ'പ്പറങ്ങോട'ന്നാഹ്ലാദം തിരതല്ലി.

'ചന്തയ്ക്കുപോകാ'മെന്നുള്ളാശകൊണ്ടല്ലാ, പിന്നെ–
യെന്തിനെന്നജ്ഞാതംതാനവനും തന്നാഹ്ലാദം.

പൗർണ്ണമീസാമീപ്യത്തിലസ്വസ്ഥം തുടിയ്ക്കാറു–
ണ്ടർണ്ണവത്തിനു ചിത്ത,മെന്താവാമതിൻമൂലം?

ഒരിളംകൊതി പണ്ടുപണ്ടേ താൻ പുലർത്തുന്നു,
''ണ്ടൊരിക്കൽക്കണ്ടാൽക്കൊള്ളാമെന്നുണ്ണിക്കിടാവിനെ.''

കളിച്ചോരല്ലേ കുട്ടിക്കാലത്തന്നൊന്നിച്ചൊറ്റ–
ക്കളരിയ്ക്കകത്തവരിണപ്രാവുകൾപോലേ?

വിരിയാൻ പേടിച്ചിട്ടോ പുലർവേളതൻ ചൂണ്ടു–
വിരൽകൊണ്ടിട്ടും മൊട്ടായ് നില്പതാ വെറും മോഹം?

ഓമന തിരണ്ടിട്ടുംകാണണം പോലും തനി
യ്ക്കീമട്ടിലുണ്ടോ വല്ല ഭൃത്യർക്കും ധാർഷ്ട്യം വേറെ!

മദ്ധ്യാഹ്നച്ചൂടിൽ'പ്പാപ്തി' തെക്കിനിയിൽച്ചെന്നിരു–
'ന്നധ്യാത്മരാമായണം' രാഗത്തിൽപ്പാടീടുമ്പോൾ

ചിത്തത്തിലോളംവെട്ടും ഭക്തിതൻ തുളുമ്പലാൽ
'മുത്തശ്ശി'യ്ക്കിമരണ്ടും നനയാൻ തുടങ്ങുമ്പോൾ

കോലായിൽത്തെക്കേപ്പുറത്തല്പമൊന്നടഞ്ഞ കൺ–
പോളയിൽസ്സുഖസ്വപ്നം തുളിപ്പൂ പറങ്ങോടൻ.

കതിരോൻ നീരാട്ടിന്നു പശ്ചിമസമുദ്രത്തിൻ
കരയിൽച്ചെന്നാൽപ്പാപ്തി മേല്ക്കഴുകുവാൻ പോകും

അന്നേരമടുത്തുള്ള കടവിൽക്കേൾക്കാമെന്നും
തന്നുറ്റ സഖാവിന്റെ കാലൊച്ചയനക്കങ്ങൾ;

ഒന്നെത്തിനോക്കാൻതോന്നുമവൾ,ക്കക്കടുംകൈയാൽ–
പ്പിന്നീടു പശ്ചാത്തപിയ്ക്കാറുമില്ലെന്തോമൂലം.

എന്നുമക്കെട്ടിൽ പ്രഭാതങ്ങളിലവൻചെന്നു–
നിന്നൊന്നു ചുമയ്ക്കവേ നീങ്ങുമക്കവാടങ്ങൾ.

വെള്ളടകളും നല്ല കാപ്പിയും വിടവിങ്ക–
ലുള്ളതായ്ക്കാണാം,കേൾക്കാം കങ്കണത്ധണൽക്കാരം.

നിന്നുപോമപ്പോളല്പമെന്തിനെന്നറിയാതെ–
യൊന്നവൻ,കണ്ണാ വാതിൽപ്പഴുതിൽത്തറച്ചിട്ടോ!

ഓണനാൾകളിലുച്ചയ്ക്കൂണെല്ലാം കഴിഞ്ഞാൽത്തേൻ–
വാണിമാരുടെ പാട്ടും കളിയും മുതിരുമ്പോൾ

ചുമരുംചാരിപ്പുറത്തിരിക്കും പറങ്ങോടൻ
ചുരുളൻവിചാരങ്ങൾ വേർപെടുത്തുവാൻ വേണ്ടി;

ഇടയിലറിയാതെ നാവിന്മേലിഴഞ്ഞെത്തി–
ക്കടന്നുപോകും ചില വടക്കൻപാട്ടീരടി.

ആരാരുമറിയാതിക്കാലശൃംഖലയിൽനി–
ന്നാറേഴുപൊൻകണ്ണികളറ്ററ്റു നിപതിയ്ക്കെ

ഒരുനാൾ വൃദ്ധാർക്കനെസ്സായാഹ്നവധൂടിയാ–
ളരുണമലർമാല്യമണിയിച്ചതിൽപ്പിന്നെ

കേൾക്കായീ ദൂരെത്തന്റെയോമനപ്പൊൻതോഴിയെ–
വേൾക്കുവാൻ വയസ്സനൊരന്തണൻ വരുംഘോഷം

എതിരേറ്റാർക്കാൻ പറങ്ങോടനോടരുൾചെയ്താ–
രതുകേൾക്കവെത്തിരുമേനിമാരെല്ലാവരും;

അവനോ,ആളായീല ചുണ്ടനക്കാനും വാനം
കവിളിൽക്കണ്ണീർ ചിന്തി സ്തംഭിച്ചുനിലക്കൊൾകെ.

# ഒറ്റ പ്രാർത്ഥ

''മിണ്ടുവാനരുതാത്ത കൽപ്രതിമയെപ്പുഷ്പ–

ച്ചെണ്ടണിമാല്യംകൊണ്ടു കീഴടക്കിടാമെന്നും,

ഉണ്ണിതന്നായുസ്സെന്നാൽച്ചാർത്തിച്ചു വാങ്ങാമെന്നും
നണ്ണുന്ന കമ്പക്കാരോടെന്തു ഞാൻ പറയട്ടെ!''

ധിക്കാരം തിരനോട്ടം നടത്തീ യുവാവിന്റെ
നില്ക്കാത്ത വാഗ്ധാടിയിൽ, ഭർത്സിച്ചാനുടൻ വൃദ്ധൻ:

''താരുണ്യമധുവിന്റെ മത്തുകേറിയ കുഞ്ഞേ,
പോരുമേ വിളമ്പിയതുദ്ധതം വായാടിത്തം;

ഒന്നു ഞാൻ ചോദിക്കട്ടേ, ദൈവമൊന്നില്ലെന്നാകിൽ–
പ്പിന്നെയിസ്സൃഷ്ടിസ്ഥിതിസംഹാരകർത്താവാരോ?''

വക്കാണച്ചുവപൂണ്ടു സംവാദം; അവസാന–
മുൽക്കടക്രോധം തട്ടും തടവും നടമാടി.

ആരു ചൊന്നതോ നേരെന്നറിവി;ല്ലെന്നാലും വ–
ന്നാദർശങ്ങളേ, നിങ്ങൾ പിടികൂടായ്കെൻ കണ്ഠം.

# ഋതുമതിയുടെ മുമ്പിൽ

നിൻ ചെഞ്ചൊടിത്തുമ്പിലുദിച്ചുയർന്ന

സൗഭാഗ്യദാകർഷകസുപ്രഭാതം
പ്രപഞ്ചദുഃഖങ്ങൾ വിരിച്ച രാവിൻ
തമസ്സിലേതോ തെളിവെണ്മ വീശി 1

പ്രസാദമോലും നയനങ്ങളോടേ
കുണുങ്ങി നീയാഗതയായി നിൽക്കേ
ബാഷ്പാവിലം, തെല്ലിട,യേതുനേത്രം
പുണർന്നതില്ലപ്പുതുദീപ്തിപൂരം? 2

ഓടിക്കിതച്ചൊട്ടളകങ്ങൾപാറി–

പ്പറന്നു ചിന്നിത്തളിർമേനി വാടി
വരുന്നനിൻ പൂങ്കവിളിൽത്തലോടാ–
നാർക്കാർക്കുയർന്നില്ല കരങ്ങളന്നാൾ? 3

ഒരപ്സരസ്സുന്ദരവേണുഗാന–
മൊരത്തുതോദ്ദീപകദിവ്യഭോഗം,
അതായിരുന്നൂ ഭവദീയബാല്യ–
മൊരുന്മിഷദ്ദൈവികമന്ദഹാസം. 4

ഊഊഊ

കുതിച്ചുപോം കാലമഹാഹയത്തി–
ന്നാശക്കടിഞ്ഞാണിടുവാൻ തുനിഞ്ഞാൽ
വിഷാദമാം പാഴ്ച്ചളിയിൽപ്പുരണ്ടു–
വീഴുന്നിതാരാവുകിലെന്തു!–സാദി. 5

താരങ്ങളോടൊത്തലരിണ്ടയോടൊ–
ത്താകാശദേശത്തുമിളാതലത്തും
കളിച്ചുവാണീടിന നിൻചെറുപ്പ–
മിന്നെത്രകാതം വഴി ദൂരെയായി! 6

മുഖം കുനിഞ്ഞൂ, മിഴിയിൽക്കിടന്നു
തിരക്കി മിന്നൽക്കൊടിമാലയേറ്റം,
താരുണ്യശില്പങ്ങളുമാർന്നി,തെന്തി–
ന്നന്തഃപുരത്തിങ്കലടച്ചിരിയ്ക്കാൻ! 7

വിടർന്ന വിണ്ണാകെ നിറഞ്ഞ ബാല്യ–
മൊതുങ്ങി മന്ദം വഴിമാറിനിന്നു,
ഇടുക്കമാർന്നീടുമടുക്കളയ്ക്കു–
ള്ളൊതുങ്ങുമീ യൗവനമെത്തിയപ്പോൾ. 8

പൂർവ്വാശയാകും സഖി പട്ടുസാരി–
യുടുത്തുലച്ചെത്തവെ നാളിൽനാളിൽ,
കൈത്തണ്ടയാൽ മാറുമറച്ചുകൊണ്ടു
സകൗതുകം നീയതു നോക്കിനിന്നു. 9

ഈയർദ്ധനഗ്നാംഗിതതന്നെയെന്നും
പുലർത്തുവാനോ വിധിതൻ വിചാരം:
നിൻചുട്ടവീർപ്പാലെയടുക്കളയ്ക്കു
സമാനമല്ലോ മണിമച്ചിനുള്ളും. 10

താരുണ്യചിഹ്നങ്ങൾ വിതുമ്പിടുംത–
ന്നങ്ഗങ്ങളിൽക്കോൾമയിർകൊണ്ടിടും നീ
സ്വപൂർവ്വജന്മാർജ്ജിതപാപമോർത്തു
കരഞ്ഞിരിപ്പാണു തുറുങ്കിനുള്ളിൽ. 11

ഊഊഊ

ഇച്ചത്ത യാഥാസ്ഥിതികത്വസിംഹം
ഗർജ്ജിയ്ക്കുമെന്നോർത്തു പരുങ്ങിടാതെ
പുറത്തിറങ്ങീടുക ജന്മസൗഖ്യം
തിരഞ്ഞു നമ്പൂതിരികന്യകേ, നീ. 12

പിന്നോട്ടുകാൽവെച്ചു നടന്നുപോകും
മാമൂൽപ്രിയർക്കക്ഷി കലങ്ങിയേയ്ക്കാം:
അവർക്കുകാതേകരു,തില്ല നേര,

മിന്നത്തെ നീ കർമ്മസുബദ്ധയത്രേ. 13

ഉഴന്നിടേണ്ടാ കരണീയമെന്തെ–
ന്നറിഞ്ഞിടാതിപ്പുതുമയ്ക്കു മുമ്പിൽ;
ഇതെൻകടംവീട്ടൽ:നിനക്കു കാട്ടി–
ത്തരാമിവൻ കണ്ട വിശാലലോകം 14

നമ്പൂതിരിസ്ത്രീയ്ക്കു സുഖിയ്ക്കലെന്ന
പദത്തിനർത്ഥം വശമാം വിഭാതം
പൂർവ്വാംബരത്തിന്റെ കവാടമെത്തി–
മുട്ടുന്ന മുട്ടെൻ ചെവിയിൽപ്പതിപ്പൂ. 15

# മാതൃസവിധത്തിൽ

അകളങ്കാത്മൈക്യത്തിൻമൂർത്തതേ,നിൻകൈയെന്റെ

വികലഹൃദയത്തെ, ത്താരാട്ടിയുറക്കവേ

സൃഷ്ടികർത്താവിൻ തെളിത്താരയിൽത്തിളങ്ങുന്നൂ
പുഷ്ടസൗഹാർദ്ദോൽഭൂതതുഷ്ടിതൻ പൊന്നോളങ്ങൾ

പൂവുപോൽ മൃദുവാമെൻകാൽകൾക്കിക്കല്ലും മുള്ളും
താവുമൂഴിയിലൂന്നാൻനീയഭ്യസിപ്പിയ്ക്കുമ്പോൾ

ചാരിതാർത്ഥ്യമാർന്നൊന്നു പാർത്താശീർവ്വദിപ്പാനായ്–
സ്സുരനുമൊരു ഞൊടി നിന്നുപോകുന്നൂ വിണ്ണിൽ.

ജീവിതം സ്നേഹത്തിന്റെ സൗരഭം പൂശിപ്പൂശി
പ്പൂവായി വിടരുന്ന പൊന്നോണപ്പുലരിയെ

ധർമ്മനിഷ്ഠതൻ പൂർവ്വഗിരിയിലുദിപ്പിച്ച
നിർമ്മലേ, നിന്നെപ്പറിയ്ക്കാത്ത ഞാനവിവേകി.

മൽപ്പാനചഷകത്തിൽപ്പശ്ചാത്താപത്തിൻ വെന്നീ–
രിപ്പോൾത്താൻ നിറയണം, ഞാനെന്നേ ഞാനായ്ത്തീരൂ.

# അണ്ടിപോയ അണ്ണാൻ

“ഇന്നു ഞാൻ നിന്നെ‘ച്ചൊല്ല’ലപ്പടി തീർന്നേ വിടൂ

തിന്നുവാൻ,”വടുവോടു ചൊല്ലിനാൻ തന്നോതിയ്ക്കൻ

നിന്ന നില്പിൽത്താൻ നിന്നാൻ തെല്ലിട തുറങ്കണ്ണോ,–
ത്തെന്നിട്ടുദ്ധതഭാവം പൂണ്ടോതീ ദൃഢസ്വരം:

”കരഞ്ഞോ കഴുതേ, നീ! നേരെയാവണമെങ്കിൽ–
ത്തറവാടിന്നിത്തിരി സുകൃതമുണ്ടാവണ്ടേ?

തിന്നണം കളിക്കണം, തിന്നണം കളിക്കണം:
കണ്ണുതെറ്റിയാൽച്ചാടാൻ കാത്തിരിപ്പാണെപ്പോളും

’ഊക്ക്’ലി;’ല്ലുപസ്ഥാനം’ പിന്നതാണുണ്ടാവുന്നു!
പോക്കിരിത്തവും കാട്ടിത്തെണ്ടണമതുതന്നെ!

കുരഞ്ഞൻ! കണ്ടാൽ മതി!യെന്തെടാ പിളുത്തുന്ന–

തൊരിയ്ക്കൽക്കഥകഴിച്ചാലെന്തിപ്പറയനെ?

ഇത്തിരി വേണ്ടേ 'ചുത്താചുത്ത'മൊരാളായാലി–
ബ്ബൗദ്ധനെക്കണ്ടാൽക്കാലുകഴുകീടണമാരും

'വീട്ടി'യെക്കാളും മുമ്പനാണെന്നു ഗോഷ്ടിത്തവും
കാട്ടുവാൻ, എന്താ ചാരാൻ കോസറി വരുത്തണോ?''

മധ്യാഹ്നമാവാറായീ ഭവദാസനിന്നുണ്ണാ–
നെത്തിയിട്ടില്ലാ നേരം;'ചൊല്ല'ലു കഴിയണ്ടേ?

ഇന്നലെപ്പകലുണ്ടതാണയാൾ, ക്ഷുൽക്ഷീണത്താൽ–
പ്പിന്നിലെച്ചുമർ ചാരി'പ്പത്തുരു'കഴിയ്ക്കുന്നു.

വിളറി വിവശമായാമുഖം, കൊടുംചൂടിൽ–
ത്തളർന്നു കിടക്കുന്ന താളിന്റെയിലപോലെ!

മിഴിനീർ ചിന്തുന്നുണ്ടക്കവിളിൽ,ഗ്ഗുരുവിന്റെ
പഴികേൾക്കവെശ്ശബ്ദമിടറുന്നതോടൊപ്പം.

ഇന്നലെ വിരിഞ്ഞതാം പൂങ്കോഴിച്ചോരക്കുഞ്ഞോ–
ടിന്നേയ്ക്കു പരുന്തിന്നുവൈരമെങ്ങിനെയുണ്ടായ്!

അങ്ങവൻ ചവച്ചിറക്കീടണംപോലും വെറും
'ചങ്ങത'ക്കൽത്തുണ്ടങ്ങൾ കൽക്കണ്ടത്തുണ്ടംപോലെ.

അർത്ഥമു'ണ്ടോത്തി'ന്നുമെന്നറിഞ്ഞോനല്ലപ്പാവം
വ്യർത്ഥതയിലാണല്ലോമാമൂലിൻ ബീജാവാപം

വേദാബ്ധിയൊറ്റയ്ക്കൊന്നിച്ചാചമിയ്ക്കുവാൻപോന്ന
വീരനാമഗസ്ത്യനാണോതിയ്ക്കൻതിരുമേനി;

അറിയാത്തതാണായാൾ പോലുമീ വേദത്തിന്നു
പൊരുളുണ്ടെന്ന കഥ; യെന്നിട്ടല്ലയോ ബാലൻ?

''മുഴക്കിക്കബളിച്ചു ചാടാനോ ഭാവം?നീയെൻ
മുഴങ്കൈക്കെഴും സ്വാദൊന്നറിയാൻ കൊതിയ്ക്കുന്നോ?''

ഉണ്ണിതൻ മൂർദ്ധാവിങ്കൽ കിഴുക്കു സമ്മാനിച്ചാൻ
തിണ്ണമഗ്ഗുരുഭൂതനോട്ടുകിണ്ടിയാലപ്പോൾ

അയ്യയ്യോ! ഗതബോധനായ് വീണ കുമാരന്റെ
മെയ്യാകെച്ചെഞ്ചോരയിൽ കുളിച്ചു പൊടുന്നനെ.

ഇദ്ദുരിതത്തിൻ കഥ പരത്താൻ പുറപ്പെട്ട
മദ്രസനതൻപാപമസ്തമിപ്പതെന്നാവോ!

ഊഊഊ

വിറയ്ക്കും ചൊടി, തെറ്റിത്തെറിച്ച നയനങ്ങൾ,
വിവിധവികാരോദ്വേഗോഷ്മളനിശ്വാസങ്ങൾ

ഭീതനായ്പ്പിടഞ്ഞെത്തീ ഭവദാസൻതൻപിതാ–
വോതിയ്ക്കൻ 'തേവാരി'യ്ക്കും സ്ഥലത്താ വിഭാതത്തിൽ:

''ഓതിയ്ക്കൻ, കാണാനില്ല ഭവദാസനെ'' പ്പിന്നീ–
ടോതുവാൻ കണ്ടില്ലൊന്നും പുത്രവത്സലനച്ഛൻ.

'അഷ്ടകം'പിടിച്ച കൈ വേറെയായ്, വീണൂ താഴെ–
ച്ചൊട്ടച്ചാൺ 'സ്വാധ്യായപ്പൂ'ല്ലമ്പരന്നിതാ വിപ്രൻ.

തുളുമ്പും കുടവഢ്ഡി തടവിച്ചൊന്നാനെന്നി–
ട്ടിളിഞ്ഞ മുഖം താഴ്ത്തിയാരൊടെന്നില്ലാതേവം:

‘‘ഇതു മുട്ടായ്പ്പോയല്ലോ, പോയെങ്കിൽപ്പോട്ടേ കഴു;
അതിലല്ലെനിയ്ക്കിപ്പോളാധിയുള്ളതു പാരം;
ഇന്നുതൊട്ടില്ലത്തു പോയ്കൂടേണ്ടിവരില്ലേ ഞാൻ,
പിന്നെനിയ്ക്കൊരു മുക്കാൽ ശമ്പളം കിട്ടില്ലല്ലോ?’’

## നക്ഷത്രചിന്ത

വകലാമരചന്റെ സൗവർണ്ണകിരീടത്തിൽ
പ്പടിഞ്ഞാറതിൻചോരമുഷ്ടിയാലിടിച്ചപ്പോൾ
തകർന്നുപൊടിയായി വിൺപരപ്പിലെമ്പാടും
തെറിച്ച രത്നങ്ങൾ തൻശുഷ്കമാം കണികകൾ;
അപകൃഷ്ടമെന്നന്നന്നകലെച്ചീന്തിത്തള്ളി
പ്രപഞ്ചകർത്താവിട്ടോരാദിമക്കുറിപ്പുകൾ
നാകത്തിൽപ്പോലും സിദ്ധി കൈവരാതനാദ്യന്ത–
കാലമായ്ക്കല്ലിച്ചുതാൻ കിടക്കും വികാരങ്ങൾ;
അശ്രുവിൽ നിഴലിച്ചു കാണ്മതാമുലകിന്റെ–
യാഹ്ലാദക്ഷണങ്ങളാം ഞങ്ങളീ നക്ഷത്രങ്ങൾ.
പ്രാചിതൻ സുതുംഗശൃംഗത്തിൽനിന്നുദിച്ചൊരി–
ത്തൈജസകീടങ്ങളാ, രാർക്കറിയാവൂ നേരേ?
എന്നാലുമെണ്ണായ്കാരും വാരുണി തുപ്പിത്തുപ്പി–
ച്ചിന്നിയ ഫേനങ്ങളീ ഞങ്ങളെ,ന്നതേ വേണ്ടൂ.

## കോവിലിലേയ്ക്ക്

സുകൃതിനികളായ്ത്തീരണം പാവന–
പ്രകൃതിപൂജയാലന്തർജ്ജനങ്ങളും.
അമൃതഗീതങ്ങളാലപിച്ചാലപി–
ച്ചമലവിസ്തൃതാകാശത്തിലങ്ങിനെ
ചിറകടിച്ചു പറന്നുപറന്നു പോം
പറവയും ഹാ, സ്വതന്ത്രതാസുന്ദരം;
അടരിലാജീവിലോകം പിടിച്ചു വെൺ–
കൊടി പറത്തിയ മർത്ത്യവംശത്തിനെ
ധരയിലർപ്പിച്ച നാരിമാർ ഞങ്ങളോ
നരകപാരതന്ത്ര്യത്തിന്നടിമകൾ
കൊടിയ ദുഃഖം പൊറുക്കുമടുക്കള–
ത്തടവുപുള്ളികളാകുമീ ഞങ്ങളിൽ
കരുണമൊന്നു സഹതപിച്ചീടുവാ–
നിരുളുമാത്രമുണ്ടിശ്ശിലാഭിത്തിയും.
പകപിടിച്ചൊരിക്കാരാലയത്തിലെ–
പ്പുകയിൽ ഞങ്ങളെക്കെട്ടിയിട്ടീടുവാൻ,
പറക, ചെയ്തുപോയെന്തുഗ്രപാതകം
വെറുമബലകൾ ഞങ്ങ,ളാചാരമേ!

വിഷമം, ഒറ്റക്കടിയേറ്റുപോകിലോ
വിഷമിറങ്ങാത്ത നീതിതൻ നർത്തനം!
മധുര,മെത്ര മധുരം സ്വതന്ത്രതാ–
മധുചഷകത്തിലോരോ കണങ്ങളും!

പ്രകൃതിപൂജയ്ക്കു പോകയാം ഞങ്ങളും
വികൃതനീതിയെത്തട്ടിനീക്കി സ്വയം.

കനകകാന്തിയിൽ മുങ്ങും മുകിലുക–
ളനഘലാവണ്യലാസ്യരംഗങ്ങളായ്
ഇണപിരിയാതുരുമ്മിക്കളിച്ചുകൊ–
ണ്ടണയുമാരമ്യചക്രവാളങ്ങളും
അരിയ ശാന്തിയെപ്പുല്കിന നീലവിൺ–
ചെരിവിലോമൽക്കിനാക്കളെപ്പോലവേ,

വരിവരിയായ് വിരിഞ്ഞു തെളിഞ്ഞ പു–
ഞ്ചിരിപൊഴിയ്ക്കും കുരുന്നുതാരങ്ങളും

മരതകപ്പട്ടുസാരിതൻ കോന്തല
ഞെറിയുലഞ്ഞു കിഴിഞ്ഞൂർന്നുവീഴവേ

അലമകൃത്രിമാകാരാതിസൗഷ്ഠവ–
മുലകിൽ വീശും വിഭാതരംഗങ്ങളും

ഒരു കുറിക്കൺകുളിർക്കവെക്കാണുവാ–
നിരുകരങ്ങളും കൂപ്പി സ്തുതിയ്ക്കുവാൻ

അരുതുപോലുമീ ഞങ്ങൾ,ക്കധർമ്മമേ,
തുറുമിഴിയായ് വിലങ്ങിനില്ക്കായ്ക നീ;

വരികയാണിതാ ഞങ്ങളന്തർജ്ജന–
നിരകളാദർശജീവിതം പൂകുവാൻ,

കരുതിനിന്നില്ല നീയെങ്കിൽ നിന്നുട–
ലൊരു ഞൊടിയിൽത്തരിപ്പണമാകുമേ!

ൟൟൟ

പ്രകൃതിപാദനിഷേവണജന്യമാം
സുകൃതതീർത്ഥമിന്നാടണം നമ്മളും

വരുവിനൊപ്പം: മുഴങ്ങുകയാണു ചിൽ–
ത്തിരുമനസ്സിന്റെ കോവിലിൽശ്ശംഖൊലി

മിഴിതുടച്ചു പുറപ്പെടാറായി നാം
വഴിയുമുള്ളവും കൂപ്പുകൈമൊട്ടുമായ്!

അഴിമതികളിഴയുമിക്കൂരിരുൾ
വഴി മുടക്കുമെന്നോർക്കയേവേണ്ട നാം,

രവി തെളിക്കെവിളക്കേന്തിവന്നു പൊൽ–
ച്ഛവി വിതറുവാൻ താമസമില്ലിനി.

കുടിലമാമൂൽക്കൊടും ചുമർക്കെട്ടുകൾ
തടയുമെന്നിടർതേടേണ്ടതില്ല നാം,

ചെറുവിരലൊന്നമർത്തിയാൽപ്പോരുമേ
തരിതരിയായ്ത്തകർന്നവ വീഴുവാൻ.

# എന്റെ പേടി

സൂനമെന്നപോൽസ്സുഖസ്വപ്നംകണ്ടുറങ്ങുവാൻ,
വാനമെന്നപോൽത്തത്വചിന്തനമാരംഭിപ്പാൻ,

പൈങ്കിളിപോലെ കണ്ഠം തുറന്നുപാടിക്കൊൾവാൻ,
തിങ്കളെപ്പോലേ തെളിഞ്ഞോമനച്ചിരിതൂകാൻ,

ശഷ്പംപോലെല്ലാരെയും മാനിപ്പാ,നരുണൻപോ–
ലിപ്പാരിൻനേതൃത്വത്തെനിർഭയം നേരിടാനും,

അങ്കുരിയ്ക്കുന്നൂ, പടർന്നേറുന്നൂ, ദിഗന്തര
ശൃംഗത്തിൽപ്പുഷ്പിയ്ക്കുന്നൂ മുറ്റുമെന്നഭിലാഷം.

ഏതേതു വസ്തുക്കളായ്ത്തീർന്നീല സങ്കല്പത്താൽ
കൗതുകം വായ്പോരെന്റെ ചേതസ്സു കൂടെക്കൂടെ?

ഊഊഊ

എങ്കിലും പേടിപ്പൂ ഞാ'നാ വസ്തുക്കൾതൻധർമ്മ–
മെങ്കലും വളർത്തുകെ'ന്നീശനോടപേക്ഷിപ്പാൻ:

ആശയെസ്സാക്ഷാൽക്കാരം മർദ്ദിച്ചിട്ടതിൻകുഞ്ഞി–
പ്പേശലമുഖംവാട്ടിക്കരിച്ചുകളഞ്ഞാലോ!

# കരിഞ്ചന്ത

തേനണിക്കുഡ്മളങ്ങൾ ചേർന്നാകർഷകമായി–
'ത്തേതി'തന്നംഗവല്ലി പുളച്ചുനില്ക്കേ

ചിന്തിയതായ്ക്കാണായന്നാദ്യമായാ മിഴിയിൽ–
ച്ചിന്തതന്നൊളിമിന്നുമൊരശ്രുബിന്ദു

കാളിപ്പെണ്ണവളോടു ചെന്നുണർത്തിയ്ക്കെഗ്ഗൂഢം:
''നാളെയായ്'ക്കുട്ടിക്കാവേ', മനതിരിച്ചൽ''

ആയിരമാധികളു ണ്ടായിരമാശകളു–
ണ്ടാത്തെളിമിഴിനീരിൻകണികയൊന്നിൽ.

ചുണ്ടത്തു കിതച്ചെത്തീ നൂറു ചോദ്യങ്ങ,ളെന്നാൽ
മിണ്ടുവാനാളായില്ലത്തരളഗാത്രി;

പ്രേമംവർഷിയ്ക്കുമൊരുകാർമുകിലിൻവരവി–
ലാമോദംകൊൾവാൻകാത്തു കൊതിച്ചിരിയ്ക്കേ,

അത്തൃഷാപരവശചാതകി കേൾക്കയല്ലേ
പുത്തനായിടവത്തിന്നിടിമുഴക്കം?

അസ്തമയാകാശത്തനുഢയാം ശശിലേഖ–
യാനതമൗലിയായി വിളറിനിന്നു,

ഖിന്നയായിന്നതെന്നു ഭാവിപ്പാനാളാവാതെ
തന്നെ വേൾപ്പാൻ വരുന്ന വരന്റെ രൂപം

2

''തേതീ,പുറപ്പെടാറാ,''യോതിനാൾ മാതാ, ''വെനി–
യ്ക്കാധിയാണക,ത്തെല്ലാം വിധിവിഹിതം.''

ആടലിയന്ന മാതൃഹൃത്തുപോൽച്ചക്രവാളം

മൂടിക്കെട്ടവേ മഴമുകിൽനിരയാൽ.

അച്ഛനൊത്തില്ലത്തിന്റെ മുറ്റത്തേയ്ക്കിറങ്ങവേ
പ്രച്ഛന്ന ഗാത്രിയൊന്നു തിരിഞ്ഞുനോക്കി,

അപ്പോഴുമിമവെട്ടാതങ്ങിനെ നോക്കിനിൽക്കു–
മമ്മതൻമിഴി രണ്ടും നിറഞ്ഞുകാണായ്.

ഒന്നിനുമുള്ള സാരമോരാതെ ശേഷിയറ്റു
നിന്നവളടിമുടി തരിച്ചുപോയി.

മാർദ്ദവം കോലും മർത്ത്യമാനസം മരമാക്കാൻ
മാമൂലിന്നെഴും കഴിവതിശയംതാൻ,

അറ്റകൈയിനും മഹാനച്ഛന്റെ കണ്ണിൽനിന്നൊ–
രിറ്റു നീർത്തുള്ളിപോലുമടർന്നതില്ല.

3

തീവണ്ടിവരാറായെന്നാൾകളെയറിയിപ്പാൻ
കാവൽക്കാരാരോവന്നു മണിയടിച്ചു.

തേതിയെസ്ത്രീകൾക്കെഴും 'കാത്തിരിപ്പറ'യ്ക്കകം
താനേയിരുത്തിയച്ഛൻ പുറത്തുപോയി.

അമ്പരപ്പോടേ തേതി നോക്കിനാളങ്ങുമിങ്ങും
മുമ്പവൾക്കപ്രദേശമദൃഷ്ടമല്ലേ?

''ആയിരം രൂപ വേണം,'' ''അഞ്ഞൂറേതരൂ,'' ''പോരാ,''
''സായിപ്പിൻപെണ്ണായാലുമധികമായി''

തൊട്ടമുറിയിൽനിന്നു കേൾക്കായിതവൾക്കൊരു
ചെട്ടിയുമച്ഛനുമായ് വിലപിശക്കം

കാതിലൊരിരമ്പക്കം കാൽകളിൽ വിറ, മേനി–
യ്ക്കാതപം, കണ്ണിലിരുളടിച്ചുകേറ്റം–

വീണുപോയവൾ: കർമ്മസാക്ഷിയുമിതുകണ്ടു
കാണാത്ത ഘനഭാവം നടിയ്ക്കയല്ലേ?

4

പൂമുഖപ്പടിയിന്മേൽ കാലിൽക്കാലേറ്റിവെച്ചു
കേമമായമർന്നൊന്നു മുറുക്കിയച്ഛൻ,

വേളിയെ വിളിച്ചേവമോതിനാൻ: ''പെണ്ണുണ്ടായാൽ
വേണ്ടതില്ലിനിമേലിൽ വിഷാദമേതും.''

# ഉണ്ണിനമ്പൂതിരി

വിജയിച്ചാലും മേന്മേൽ മലനാട്ടഭിമാന–

ധ്വജമായ്പ്രശോഭിയ്ക്കും സംസ്ക്കാരക്കതിരേ, നീ!

നമ്പൂരിസമുദായഹൃദയക്ഷേത്രാന്തത്തിൽ
മുൻപാരോ കൊളുത്തിയ നെയ്‌വിളക്കണഞ്ഞപ്പോൾ

ഉണ്ടായ സൗജന്യത്തിൻ പുലരിപ്രഭയല്ലോ
കണ്ടതു ഭവാങ്കലിക്കേരളാവനി പണ്ടേ?

അങ്ങൊരു'ദാമോദരൻ'; എങ്കിലും മാമൂലിന്റെ
ചങ്ങല തുണ്ടായ്ത്തുണ്ടായ് നിർഭയമറുത്തിട്ടു

അ‘ക്കുറൂ’രവിടത്തെജനനം കഴിഞ്ഞപ്പോൾ–
പ്പൊൽക്കീർത്തി പരത്തുന്ന പെരിയോരൂരായ്ത്തീർന്നു

വെള്ളെഴുത്തിനാൽക്കൺകൾ മങ്ങിയ മാമൂലിന്റെ
ഭള്ളെഴും പദത്തിന്നു തുള്ളുന്ന വിശ്വാസങ്ങൾ

വിറച്ചൂ പതറാത്ത ഭാവൽക്കകണ്ഠത്തിൽനി–
ന്നുറന്ന സത്യത്തിന്റെ കാഹളംശ്രവിച്ചപ്പോൾ.

വീറെഴും ഭവന്നീതിക്കൈവാളിൻ നികടത്തിൽ
വീണുപോയ്ശ്ശക്തന്മാരും, ദുർമ്മാർഗ്ഗരതരെങ്കിൽ.

ഒരു കൈത്തിരി കൈയിലുണ്ടല്ലോ മതി, ധൂർത്തി–
ന്നരിയായടരാടാൻ പേടിയില്ലങ്ങയ്ക്കെന്നും.

കണ്ടകം വിരിച്ചിട്ട വഴിയിൽക്കൂടിത്തന്നെ
പണ്ടത്തെ മലനാട്ടുജീവിതാനന്ദം പൂകാൻ

എത്രയ്ക്കു കരുത്തുണ്ടായങ്ങയ്ക്കെന്നോർത്തോർത്തിന്നു–
മത്ഭുതത്തോടേ നില്പ്പൂ നിശ്ചലം സഹ്യാചലം,

അറബിക്കടലിലെക്കല്ലോലനികരങ്ങ–
ളടങ്ങാത്തൃഷയോടേ നിൻപുകൾ പാടീടുമ്പോൾ

വിജ്ഞനാം കാക്കശ്ശേരിയായ്ഭവാൻ വാഗ്മിത്വത്താൽ,
വിശ്രുതൻ ശ്രീശങ്കരാചാര്യനും ത്യാഗത്താലേ

അരചാളുവോരോടു, മർദ്ദിതലക്ഷത്തിന്നാ–
യടരാടുവാൻ വെമ്പീ, ഭൃഗുരാമനെപ്പോൽ നീ.

കോൾമയിരിയറ്റിനീ ഞങ്ങൾക്കിദ്ദുരാചാര–
പ്പാഴ്മണൽക്കാടിൻചൂടിൽ പ്പൊരിയുന്നവർക്കന്നേ.

സംഘടിപ്പിച്ചൂ ഭവാൻ ഞങ്ങളെ;യേകത്വത്തിൻ
സങ്കല്പ്പത്താലേയുദിപ്പിച്ചിതിങ്ങാത്മജ്ഞാനം.

പാഠശാലയും നിർമ്മിച്ചെത്തിച്ചൂ ബാധിര്യത്തിൽ–
പ്പാവനത്വത്തിൻ സത്താം സ്വാതന്ത്ര്യസന്ദേശങ്ങൾ

ആവില്ല മറക്കുവാനങ്ങയെ നമ്പൂരിമാർ–
ക്കായിരം തലമുറ മണ്ണടിഞ്ഞാകിൽപ്പോലും!

ഞങ്ങൾതൻ ചുടുരക്തത്തുള്ളികളുൾക്കൊള്ളുമീ
മങ്ങിടാസ്മരണങ്ങൾ ശാശ്വതങ്ങളല്ലല്ലീ?

‘ഉണ്ണി’ മാത്രമാണില്ലത്തുള്ളവർക്കാ, രബ്ദവാൻ
കണ്ണിലുണ്ണിയായ് നാട്ടാർക്കക്കഥയോരുംതോറും

പോളകൾ നനവാർന്നു വീർത്തുപോകയായ്ക്കൺകൾ:
പോയതൊക്കേയുമെന്നുമാനന്ദബാഷ്പാവിലം!

മരണം മനുഷ്യന്നുമായ്ക്കാവതല്ലെന്നുള്ള
മഹിതയാഥാർത്ഥ്യത്തിന്നുഗ്രത ധരിച്ചീല,

താവകാന്ത്യത്തിൻകൊടും താണ്ഡവം തെറിപ്പിച്ച
കാകോളകണം വീണു വെന്തിടുംവരെയ്ക്കാരും

വിജയിച്ചാലും മേന്മേൽ നമ്പൂരിസമുദായ–
ധ്വജമായ് പ്രശോഭിയ്ക്കും സംസ്കാരക്കതിരേ, നീ!